എഫ്. എ. സി. റേറി. യിൽ നിന്നു തയ്യാറാക്കുന്ന വളങ്ങൾ

540. [4] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്. എ. സി. റേറി. നിൽ നിന്നും കൃഷിവർദ്ധനവിനു വേണ്ടി തയ്യാറാക്കുന്ന വളങ്ങൾ ഏതെല്ലാം ;

(ബി) ഇതിൽ നെല്ലു്, ചീനി, ചേന, എത്തവാഴ ഇവയ്ക്കുപയോഗിക്കുന്ന വളങ്ങൾ ഏതെല്ലാം ;

(സി) കൊല്ലം ഡിസ്ട്രിക്റ്റിൽ ഓരോ താലൂക്കിലും ഏതേതു ഏജൻസി വഴിയാണു് ഈ വളം സപ്ലൈ ചെയ്യുന്നതു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) 1. അമോണിയം സൾഫേറു്,
2. ഫാക്ടംഫോസു്,
3. സൂപ്പർഫോസ്ഫേറു്,
4. അമ്ടാഫോസു്,
5. സ്റ്റാൻഡേർഡു് മിശ്രവളങ്ങൾ.
6. റോക്കു്ഫോസ്ഫേറു് പൊടി, ഈ വളങ്ങൾ എഫ്. എ. സി. റേറി. യിൽ തയ്യാറാക്കുന്നുണ്ടു്. കൂടാതെ മ്യൂറിയേറു് ഓഫ് പൊട്ടാഷു് എന്ന വളവും വിതരണം ചെയ്യുന്നുണ്ടു്.

(ബി) നെല്ലു്.

സാധാരണ മണ്ണിനു്.

1. ഫാക്ടംഫോസു് + മ്യൂറിയേറു് ഓഫ് പൊട്ടാഷു്.
2. മിശ്രവളങ്ങൾ.

സ്റ്റാൻഡേർഡു് നമ്പർ	1,9.9.9
ടി	8,12.6.6
ടി	3,7.14.7

3. അമോണിയം സൾഫേറു് + മ്യൂറിയേറു് ഓഫ് പൊട്ടാഷു് + സൂപ്പർഫോസ്ഫേറു്.

പുളിമണ്ണിൽ

1. അമ്ടാഫോസു് + മ്യൂറിയേറു് ഓഫ് പൊട്ടാഷു് പുളിമണ്ണിനു് അനുയോജ്യമായ പാകൃജനകപ്രധാനമായ വളം.
2. മിശ്രവളം—സ്റ്റാൻഡേർഡു് നമ്പർ 1. റേഷ്യോ 9.9.9. സ്പെഷ്യൽ.

ചീനി—ചേന—എത്തവാഴ.

മിശ്രവളം സ്റ്റാൻഡേഡു് നമ്പർ 6-8.3.16

(സി) ഈ ഡിസ്ട്രിക്ടിൽ254 സബ് ഏജൻസികൾവഴി വിതരണം ചെയ്യുന്നു. അവയിൽ 97 വ്യക്തികളും 157 കോവാപ്പറേറീവു് സൊസൈറിറികളും ഉൾപ്പെടുന്നു.

ശ്രീ. പി. സി. ആദിച്ചൻ : എഫ്. എ. സി. റേറി. യിൽ ഉണ്ടാക്കുന്ന വളം വണ്ടൂടെ സ്റ്റോറിലെല്ലാമുള്ള കൃഷിക്കു് പര്യാപ്തമാകുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : ഇപ്പോഴത്തെ ആവശ്യത്തിനു കൊടുക്കാൻ സാധിക്കുന്നുണ്ട്. പക്ഷേ എപ്പോഴും നിർദ്ദേശിക്കുന്ന രീതിയിൽ വളം ചെയ്യാൻ തയാറായാൽ മതിയാകുമോ എന്നു് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : എഫ്. എ. സി. റേറി. യിൽ നിന്നു് വളം അതാതു സ്ഥലത്തു് എത്തിക്കുന്നതിനുള്ള ചെലവെല്ലാം ഉൾപ്പെടെ വില കൂടുതലാകുന്നുണ്ട്. അതാതു സ്ഥലത്തു് എത്തിക്കുന്ന ചെലവു് ഫാക്ടറി തന്നെ വഹിച്ചു് വളം എത്തിക്കാൻ കഴിയുകയില്ലേ ?

ശ്രീ. ഈ. പി. പൗലോസ് : ആ കാര്യത്തെപ്പറ്റി ഇപ്പോഴും ഒന്നും പറയാൻ നിവൃത്തിയില്ല. പൊതുവേ നമ്മുടെ വളങ്ങളുടെ വില കൂടുതലാണെന്നും ഒരു പക്ഷേ ഇംപോർട്ടു ചെയ്യാൽ കുറേകൂടി വില കുറച്ചു് വിതരണം ചെയ്യാൻ കഴിയുമെന്നും ഒരഭിപ്രായമുണ്ട്. അതു് കേന്ദ്രഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണു്. അവസാന തീരുമാനമായിട്ടില്ല.

ശ്രീ. എം. എം. മത്തായി: അമോണിയം സംഫേറു്, സൂപ്പർഫോസ്ഫേറു് തുടങ്ങിയ വളങ്ങളും മദ്രാസിലേക്കു കടത്തിക്കൊണ്ടുപോകുന്നതു് കേരളത്തിൽ ചെലവാകുന്നതായിട്ടാണു കണക്കിൽ വരുന്നതെന്നറിയാമോ ? അതിനെപ്പറ്റി അന്വേഷിച്ചു് ഇവിടെയുള്ള വളം വെളിയിൽ പോകാതിരിക്കാൻ കർശന നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : വാങ്ങിയ വളം ഇവിടെ ഉപയോഗിക്കാതെ കച്ചവടം ചെയ്യുന്നതേ വെളിയിൽ പോവുകയുള്ളു. അങ്ങനെ അഥവാ പോകുന്നുണ്ടെങ്കിലും വളം ഉപയോഗിക്കാൻ തയാറുള്ളവർക്കു കൊടുക്കാനുള്ള വളം ഇപ്പോഴും ഉണ്ടു്.

ശ്രീമതി കുസുമം : എഫ്. എ. സി. റേറി. നിൽ നിന്നു കിട്ടുന്ന വളങ്ങൾക്കു് നൽകുന്ന സബ്സിഡി എത്രയാണെന്നു പറയാമോ ?

ശ്രീ. ഈ. പി. പൗലോസ് : എല്ലാ ഫാസ്ഫേറു് വളങ്ങൾക്കും 25 ശതമാനം സബ്സിഡിയുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പ് : വളരെ ദൂരസ്ഥലങ്ങളിൽ തലച്ചുമടായി കൊണ്ടുപോയി വിൽക്കേണ്ട സഹകരണസ്ഥാപനങ്ങൾക്കു് കൊടുക്കേണ്ട സബ്സിഡിയെപ്പറ്റിയുള്ള ആക്ഷേപം പരിഗണിക്കാമെന്നു ഗവണ്മെന്റു പറഞ്ഞിട്ടുള്ളതാണു്. അതു ഗവണ്മെന്റു പരിഗണിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : കോവാപ്പറേറീവു് സൊസൈറികൾക്കു വരുന്ന ഈ നഷ്ടത്തെ സംബന്ധിച്ചു് ചില ചർച്ചകളും നടന്നിട്ടുണ്ടു്. ഇപ്പോഴത്തെ പ്രധാനമായിട്ടു് അടുത്തു പ്രൈവറ്റു് ഡിപ്പോ ഉണ്ടെങ്കിൽ ആണു് വിഷമം വരുന്നതു്. കഴിയുന്നിടത്തോളം പ്രൈവറ്റു് ഡിപ്പോകളെ ഘട്ടം മാറ്റുകയാണു ചെയ്യുന്നതു്. അതിൽ കൂടുതൽ എന്തു ചെയ്യാൻ കഴിയുമെന്നുള്ളതിനെപ്പറ്റി തീരുമാനം എടുത്തിട്ടില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ : എഫ്. എ. സി. റേറി. യിൽ നിന്നും മദ്രാസ് തുടങ്ങിയ മറ്റു സ്റ്റേറ്റുകളിൽ വളം കൊടുക്കുന്നുണ്ടെന്നും മദ്രാസിലും മറ്റും പുതുതായി വളനിർമ്മാണ ഫാക്ടറികളും ഉണ്ടാകുന്നതോടുകൂടി ഇവിടെ ഉണ്ടാക്കുന്ന വളം എക്സസ് ആകുമെന്നും പറയുന്നതു ശരിയാണോ? അതിലേക്കു് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഇവിടെ വളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുകയാണെങ്കിൽ എഫ്. എ. സി. റേറി. യിൽ വളം സർപ്ലസ് ആയി വരാൻ ഇടയില്ല.

ശ്രീ. സി. എം. കുട്ടി : എഫ്. എ. സി. റേറി. വളം ഉപയോഗിച്ചു് നെൽകൃഷി ചെയ്തിട്ടു് ചിലയിടത്തുള്ള നെല്ലിൽ മുഴുവൻ പതിര് കാണുകയുണ്ടായി. ഇതു് ഇതിനു മുമ്പുണ്ടാകാത്ത ഒരനുഭവമാണു്. ഈ കാര്യത്തെപ്പറ്റി ശ്രദ്ധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : ചില സ്ഥലത്തു് നെല്ലിനു് രോഗമുണ്ടാകുന്നുണ്ടു്. വളരെ കൂടുതൽ കെമിക്കൽ വളങ്ങളം ഉപയോഗിക്കുന്നതു കൊണ്ടാണോ ഇങ്ങനെ വരുന്നതെന്നു പരിശോധിക്കുന്നുണ്ടു്. പ്രോഫിലാറിക്സു് ഉപയോഗിക്കുന്നിടത്തു ഈ കുഴപ്പം ഇല്ല.

ശ്രീ. എം. കൃഷ്ണൻ : വളത്തിനു് സബ്സിഡിക്കായി മൊത്തം എത്രത്തുകയാണു് അനുവദിക്കുന്നതെന്നു പറയാമോ ?

ശ്രീ. ഇ. പി. പൗലോസു് : അതിനൊരു പ്രത്യേക ചോദ്യം ചോദിക്കണം.

ശ്രീ. കെ. കൃഷ്ണൻ : ഈ വളംവിതരണത്തെ സംബന്ധിച്ചിടത്തോളം കോവാപ്പറേറ്റീവു് മാക്കെറ്റു് ഫെഡറേഷൻ ഉണ്ടാക്കാൻ പദ്ധതിയുണ്ടോ ? മറ്റു സ്റ്റേറ്റുകളിൽ അപ്പെക്സു സൊസൈറ്റികളും ഇതിലേക്കു് രൂപീകരിച്ചിട്ടുണ്ടു്.

ശ്രീ. ഇ. പി. പൗലോസു് : പുത്തനായി കോവാപ്പറേറ്റീവു് സൊസൈറ്റികളും മുഖേന കൊടുക്കുന്നതിനും അപ്പെക്സു സൊസൈറ്റികളെ ഏൽപ്പിക്കാനുള്ള നടപടികളും ഉണ്ടു്. ഇതിലുള്ള ഒരു ബുദ്ധിമുട്ടു് ഇപ്പോൾ പ്രത്യേക സ്റ്റാഫിനെ നിയമിച്ചാണു് ഏജന്റ് സി ഡിപ്പോകളും നടത്തുന്നതു്. ഈ ആളുകളെക്കൂടി എടുക്കാതെ ഡിപ്പോകളും മാറ്റി സൊസൈറ്റിയെ ഏൽപ്പിക്കുന്നപക്ഷം അവരുടെ ബുദ്ധിമുട്ടുകൾക്കു് പരിഹാരം കാണേണ്ടതായിവന്നേക്കും.

തെങ്ങുകൃഷി

* 541. [5] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1956–നുശേഷം കേരളത്തിൽ തെങ്ങുകൃഷി എത്ര ഏക്കർ പ്രദേശത്തു് കൂടുതലായി ചെയ്തിട്ടുണ്ടെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു ;

(ബി) തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു് ഗവണ്മെന്റു് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണു് നൽകുന്നുണ്ടു് ;

(സി) 1956–നുശേഷം തെങ്ങുരോഗംമൂലം എത്രമാത്രം സാമ്പത്തിക നഷ്ടം സംസ്ഥാനത്തുണ്ടായി എന്നതിനെപ്പറ്റി വല്ല കണക്കും ഗവണ്മെന്റിന്റെ പക്കലുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്):

(എ) 1,40,541 ഏക്കർ.

(ബി) താഴെ പറയുന്ന ആനുകൂല്യങ്ങളാണു് നൽകുന്നുണ്ടു്.

1. കായൽ നിലങ്ങളിൽ തെങ്ങുകൃഷി നടത്തുന്നതിലേക്കുവേണ്ടി ഏക്കർ ഒന്നിനു് 3750 രൂപ കടം കൊടുക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ടു്.

2. തീരപ്രദേശങ്ങളിൽ തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിലേക്കായി ഏക്കറൊന്നിനു് കൃഷിച്ചെലവിലേക്കുവേണ്ടി 750 രൂപയും, ജലസേചനത്തിനു വേണ്ടി പമ്പുസെറ്റും കടമായി കൃഷിക്കാർക്കു നൽകുന്നുണ്ടു്.

3. തെങ്ങി�ൻതോപ്പുകളിൽ ജലസേചനം നടത്തുന്നതിലേക്കായി പമ്പുസെറ്റുകളും കടമായി കൊടുക്കുന്നതിനു് മറ്റൊരു പദ്ധതിയുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly